പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 497      21.10.2011-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി. യെ കമ്പനിവൽക്കരിക്കൽ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിനെ കമ്പനിവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അതിൻെറ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) 1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് " എന്ന പേരിൽ സർക്കാരിൻെറ പൂർണ്ണ ഉടമസ്ഥത യിലുള്ള ഒരു കമ്പനി 2011 ജനുവരി 14ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കമ്പനിയിലേയ്ക്ക് ബോർഡിൻെറ ആസ്തി ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (സി) വൈദ്യുതി ബോർഡിനെ ഒന്നിലധികം കമ്പനികളാക്കി വിഭജിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൻെറ നിലപാട് വ്യക്തമാക്കുമോ ? | (സി) & (ഡി) ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ വിവിധ പ്രവർത്തനങ്ങൾ പ്രത്യേകം യൂണിറ്റുകളിലായി വേർതിരിച്ചു നൽകിക്കൊണ്ടുള്ള വിഭജനം പുതിയ സ്ഥാപനങ്ങൾക്ക് പ്രവർത്തനപരമായ സ്വയം ഭരണാധികാരം നൽകുമെന്നും അവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ഇത് സഹായകരമായിരിക്കും എന്നുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നു. |

2003 ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ വകുപ്പ് 131 (2) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ ആസ്തി ബാധ്യതകൾ ഒരു സർക്കാർ കമ്പനിയിലേയ്ക്കോ, മറ്റ് കമ്പനി / കമ്പനികളിലേയ്ക്കോ പുനർനിക്ഷിപ്തമാക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ പ്രത്യേകം യൂണിറ്റുകളായി വേർതിരിക്കാതെ ഒറ്റ കമ്പനിയായി പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് പുന:സംഘടിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.